**ഭാഷാധ്യാപകരുടെ ക്ലബ്ബിങ്ങ്- ചില വസ്തുതകൾ**

തയ്യാറാക്കിയത്

**ഡോ.കോറമംഗലം കൃഷ്ണകുമാർ**

കേരളസംസ്കൃതാധ്യാപകഫെഡറേഷൻ(പി)

സ്റ്റേറ്റ് എക്സിക്യൂട്ടീവ് കൗൺസിൽമെമ്പർ

ഫോ.9447256982, 9656244082

*sukumarakavi@gmail.com*

........................................................................................................................................

ഇന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസവകുപ്പിനുകീഴിൽ വരുന്ന അനേകം സംസ്കൃതാധ്യാപകർ ക്ലബ്ബിങ്ങ് എന്ന ഭീഷണിക്കുമുന്നിൽ പകച്ച് നിൽക്കുകയാണ്. വസ്തുതാപരമായി നോക്കുമ്പോൾ മറ്റ് വിഷയ ങ്ങൾപോലെ ക്ലബ്ബ്ചെയ്യുവാൻ സാധിക്കാത്ത വിഷയമാണ് സംസ്കൃതം. സംസ്കൃതാധ്യാപകരെ എന്തുകൊണ്ട് ക്ലബ്ബുചെയ്യാൻ സാധിക്കുകയില്ല എന്ന് പറയുന്നതിനു മുന്നേ ഏതൊക്കെ സാഹചര്യങ്ങളിലാണ് സംസ്കൃ താധ്യാപകതസ്തികകൾ(പാർട് ടൈം,ഫുൾടൈം) അനുവദിക്കപ്പെടുന്നത് എന്നുകൂടി നാം അറിഞ്ഞിരിക്കേണ്ടതാണ്.

കേരളത്തിലെ ഹയർസെക്കണ്ടറിവരെയുള്ള പൊതുവിദ്യാഭ്യാസനിയമം പ്രതിപാദിക്കുന്ന **K E R- XXIII**-ാം അധ്യായത്തിൽ സ്റ്റാഫ് ഫിക്സേഷൻ വ്യവസ്ഥകളെക്കുറിച്ച് പറയുമ്പോൾ അറബി,ഹിന്ദി,ഉറ്ദു,സംസ്കൃതം എന്നീ തസ്തികകൾ അനുവദിക്കുന്നതിന് **XXIII.6.(1)**ൽ ഇങ്ങനെ പറയുന്നു.

**XXIII.6.(1)**

**5 മുതൽ 7 വരെയുള്ള സ്റ്റാൻഡാർഡുകളിൽ**ഏതെങ്കിലും മാത്രമോ എല്ലാമോ ഉള്ള യു.പിസ്കൂളുകളിൽ പ്രാദേശികഭാഷഒഴികെയുള്ള ഭാഷ കൾക്ക് ,ഭാഷാധ്യാപകരുടെ തസ്തികകൾ **6 സി ചട്ടത്തിൽ** നിശ്ചയിച്ചി ട്ടുള്ള നിയന്ത്രണങ്ങൾക്കു വിധേയമായി , താഴെ പറയും വിധം അനുവദി ക്കാവുന്നതാണ്.

| ഒരാഴ്ചയിലെ പിരീയഡുകളുടെ എണ്ണം: (അറബി,ഹിന്ദി,ഉറ്ദു,സംസ്കൃതം) | | | തസ്തികകളുടെ എണ്ണവും സ്വഭാവവും | |
|---|---|---|---|---|
| 4-ഉം അതിൽകൂടുതലും, | എന്നാൽ | 15ൽ താഴെ | 1 | പാർട്-ടൈം |
| 15-ഉം അതിൽകൂടുതലും, | എന്നാൽ | 29ൽ താഴെ | 1 | ഫുൾ-ടൈം |
| 29-ഉം അതിൽകൂടുതലും, | എന്നാൽ | 54ൽ താഴെ | 2 | ഫുൾ-ടൈം |
| 54-ഉം അതിൽകൂടുതലും, | എന്നാൽ | 79ൽ താഴെ | 3 | ഫുൾ-ടൈം |

**XXIII.6.(2).(ii) (C)**

ഇരുപത്തിയഞ്ചിൽതാഴെയും എന്നാൽ 15ൽ കുറയാതിരിക്കുകയും ചെയ്യു കയും യു.പി.വിഭാഗത്തിൽ 4ൽ കുറവാകാതെയിരിക്കുകയും ചെയ്താൽ എൽ.പി.വിഭാഗത്തിൽ ഒരു ഫുൾടൈം തസ്തിക അനുവദിക്കാവുന്നതാണ്.

**XXIII.6.(C)**

അപ്പർപ്രൈമറി സ്കൂളിലോ ഹൈസ്കൂളിലോ അപ്പർപ്രൈമറി വിഭാഗ ത്തിലോ പ്രാദേശിക ഭാഷയോ മാതൃഭാഷയോ അല്ലാത്ത ഏതെങ്കിലും ഭാഷ അഞ്ചാം സ്റ്റാൻഡാർഡിൽ പഠിപ്പിച്ചുതുടങ്ങണമെങ്കിൽ ആ സ്റ്റാൻഡാർഡിൽ ആ ഭാഷ പഠിക്കാൻ കുറഞ്ഞത് 12 കുട്ടികളെങ്കിലും ഉണ്ടായിരിക്കണം. ഒരിക്കൽ ആരംഭിച്ചുകഴിഞ്ഞാൽ പിന്നീട് ആറാം സ്റ്റാൻഡാർഡിൽ ആ ഭാഷ പഠിക്കുന്നതിന് ആ എണ്ണത്തിൽ പകുതി കുട്ടികളെങ്കിലും ഉണ്ടായിരിക്കണം. അല്ലെങ്കിൽ അഞ്ചിലും ആറിലും ഏഴിലും കൂടിയുള്ള കുട്ടികളുടെ എണ്ണം 30ൽ കുറയാതെയുമിരിക്ക ണം. എന്നാൽ നേരത്തെതന്നെ അനുവദിക്കപ്പെട്ടിട്ടുള്ളതും പൂർണയോ ഗ്യതയുള്ള അധ്യാപകർ ജോലിചെയ്യുന്നതുമായ തസ്തികകളെ , ഈ ചട്ടം ബാധിക്കുകയില്ല.

**XXIII.6.(D)**

**ഹൈസ്കൂൾ അസിസ്റ്റന്റ് -ഭാഷ:**

എട്ട് മുതൽ പത്ത് വരെയുള്ള സ്റ്റാൻഡാർഡുകളിൽ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലും ഒന്നുമാത്രമോ ഉള്ള ഹൈസ്കൂളുകളിൽ ഈ ചട്ടത്തിൽ സൂചി പ്പിച്ചിട്ടുള്ള നിയന്ത്രണങ്ങൾക്കു വിധേയമായി , ഭാഷാധ്യാപകരുടെ തസ്തികകൾ താഴെ പറയുംപ്രകാരം അനുവദിക്കാവുന്നതാണ്.

(a) **ഭാഷ** അറബി,ഹിന്ദി,ഉറ്ദു,സംസ്കൃതം

| ആഴ്ചയിലുള്ള പിരീയഡ് | | | തസ്തികകളുടെ എണ്ണവും സ്വഭാവവും |
|---|---|---|---|
| 4-ഉം അതിൽകൂടുതലും, | എന്നാൽ | 15ൽ താഴെ | 1 പാർട്-ടൈം |
| 15-ഉം അതിൽകൂടുതലും, | എന്നാൽ | 29ൽ താഴെ | 1 ഫുൾ-ടൈം |
| 29-ഉം അതിൽകൂടുതലും, | എന്നാൽ | 54ൽ താഴെ | 2 ഫുൾ-ടൈം |
| 54-ഉം അതിൽകൂടുതലും, | എന്നാൽ | 79ൽ താഴെ | 3 ഫുൾ-ടൈം |

**XXIII.6.(E)**

എട്ട് മുതൽ പത്തുവരെയുള്ള സ്റ്റാൻഡാർഡുകളിൽ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലും ഒന്നുമാത്രമോ ഉള്ള ഹൈസ്കൂളുകളിൽ പ്രാദേശികഭാഷയോ മാതൃഭാഷയോ ഒഴിച്ച് മറ്റേതെങ്കിലും ഭാഷ ആദ്യ മായി പഠിപ്പിച്ചുതുടങ്ങണമെങ്കിൽ ആ ഭാഷ പഠിക്കുവാനായി 8-ാം സ്റ്റാൻഡാർഡിൽ കുറഞ്ഞത് 10 കുട്ടികളെങ്കിലും ഉണ്ടായിരിക്കണം.ഒ രിക്കൽ ആരംഭിച്ചുകഴിഞ്ഞാൽ പിന്നീട് 9-ാംസ്റ്റാൻഡാർ ഡിൽ ആ ഭാഷ

പഠിക്കുന്നതിന് അതിൽ പകുതി കുട്ടികൾ ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ  എട്ടിലും ഒമ്പതിലും പത്തിലും കൂടിയുള്ള കുട്ടികളുടെ എണ്ണം 25ൽ കുറയാതിരിക്കുകയോ ചെയ്യണം. എന്നാൽ നേരത്തെതന്നെ അനുവദിക്കപ്പെട്ടിട്ടുള്ളതും പൂർണയോഗ്യതയുള്ള അധ്യാപകർ ജോലിചെയ്യുന്നതുമായ തസ്തികകളെ ഈ ചട്ടം ബാധിക്കുകയില്ല.

**XXIII.6.(F)**

അപ്പർപ്രൈമറിവിഭാഗത്തോടുകൂടിയ ഹൈസ്കൂൾ- ചട്ടം 6 (G) യിലെ നിയന്ത്രണങ്ങൾക്കു വിധേയമായി, അപ്പർപ്രൈമറിവിഭാഗത്തോടുകൂടിയ ഹൈസ്കൂളുകളിൽ,ഭാഷാധ്യാപകരുടെ എണ്ണം താഴെകുറിക്കുന്നവിധം ക്ലിപ്തപ്പെടുത്തി അനുവദിക്കേണ്ടതാണ്.

(I) ഹൈസ്കൂൾ വിഭാഗവും അപ്പർപ്രൈമറി വിഭാഗവും പ്രത്യേകം പരിഗണിച്ച് ഓരോ 25 പിരീയഡ് ജോലിക്കും ഓരോ ഫുൾടൈം തസ്തിക.

(II) ഒന്നാം ഉപചട്ടത്തിൽ പറയുന്നപ്രകാരം ഫുൾടൈം തസ്തികകൾ അനുവദിച്ചശേഷം രണ്ടുവിഭാഗങ്ങളിലും ബാക്കിവരുന്ന പിരീയഡുകൾ ഒന്നിച്ചുചേർത്ത് താഴെകുറിക്കുന്ന തസ്തികകൾ അനുവദിക്കാം.

(എ) ബാക്കിവരുന്ന മൊത്തം പിരീയഡുകളുടെ എണ്ണം

(1) ഹിന്ദി,അറബി,ഉറ്ദു,സംസ്കൃതം -ഭാഷകളെ സംബന്ധിച്ചിടത്തോളം മൊത്തം 25ൽ കുറവുമല്ല എന്നാൽ 29ൽ കുറവുമാണ്. ഹൈസ്കൂളിൽ മാത്രം 4ൽ കുറവല്ല എങ്കിൽ ഹൈസ്കൂളിൽ ഒരു ഫുൾടൈം തസ്തികകൂടി അനുവദിക്കാം. മൊത്തം 29ൽ കുറവുമല്ല 49ൽ കുറവുമാണ് എങ്കിൽ ഹൈസ്കൂളിലും അപ്പർപ്രൈമറിവിഭാഗത്തിലും ഓരോ ഫുൾടൈം തസ്തികകൾകൂടി അനുവദിക്കാം.

**XXIII.6.(F) III(F)**

ഹൈസ്കൂൾവിഭാഗത്തിലും അപ്പർപ്രൈമറി വിഭാഗത്തിലും കൂടി മൊത്തം പിരീയഡ് 15 ൽ കുറവായിരിക്കുക,ഹൈസ്കൂൾവിഭാഗത്തിനുമാത്രം ഹിന്ദി,അറബി,ഉറ്ദു,സംസ്കൃതം ഈ ഭാഷകളിൽ പിരീയഡ് 4ൽ കുറയാതെ ഇരിക്കുക മറ്റ് ഭാഷകളിൽ 5ൽ കുറയാതെ ഇരിക്കുക, അപ്പോൾ ഹൈസ്കൂൾ വിഭാഗത്തിൽ ഒരു പാർട് ടൈം തസ്തിക അനുവദിക്കാം

**XXIII.6.(F) III(G)**

ഹൈസ്കൂൾവിഭാഗത്തിലും അപ്പർപ്രൈമറി വിഭാഗത്തിലും കൂടി മൊത്തം പിരീയഡ് 15 ൽ കുറവായിരിക്കുക, ഹൈസ്കൂൾ വിഭാഗത്തിൽ മാത്രം ഹിന്ദി, അറബി, ഉറ്ദു, സംസ്കൃതം ഈ ഭാഷകളിൽ 4ൽ കുറവായും മറ്റ് ഭാഷകളിൽ 5ൽ കുറവായും ഇരിക്കുക,അപ്പോൾ അപ്പർപ്രൈമറി വിഭാഗത്തിൽ ഒരു പാർട് ടൈം തസ്തിക അനുവദിക്കാം.

എന്നാൽ (2),(3) ഉപചട്ടങ്ങൾ അനുസരിച്ച് ഫുൾടൈം തസ്തികകൾ അനുവദിച്ചാൽ അപ്പർപ്രൈമറിവിഭാഗത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഫുൾ ടൈം തസ്തികകളിൽ ജോലിചെയ്യുന്ന പൂർണയോഗ്യരായ അധ്യാപകർക്ക് ദോഷം സംഭവിക്കുമെങ്കിൽ അപ്രകാരമുള്ള തസ്തികകൾ അവർക്കു വേണ്ടി തുടരാൻ അനുവദിക്കുകയും ഹൈസ്കൂൾവിഭാഗത്തിൽ മാത്രം ബാക്കിവരുന്ന പിരീയഡ് ഹിന്ദി, അറബി, ഉറ്ദു, സംസ്കൃതം ഈ ഭാഷ കളിൽ 4ൽ കുറയാതെ ഇരിക്കുകയും മറ്റ് ഭാഷകളിൽ 5ൽ കുറയാതെ ഇരിക്കുകയും ചെയ്താൽ ഹൈസ്കൂൾ വിഭാഗത്തിൽ ഒരു ഫുൾ ടൈം തസ്തിക അനുവദിക്കുകയും ചെയ്യാവുന്നതാണ്.

**XXIII.6.(G)**

അപ്പർപ്രൈമറി വിഭാഗത്തോടുകൂടിയഹൈസ്കൂളുകളിൽ പ്രാദേശിക ഭാഷയോ മാതൃഭാഷയോ അല്ലാത്ത ഏതെങ്കിലും ഭാഷ അഞ്ചോ എട്ടോ സ്റ്റാൻഡാർഡിൽ ആരംഭിക്കണ മെങ്കിൽ അഞ്ചാം സ്റ്റാൻഡാർഡിൽ 12ലും എട്ടാം സ്റ്റാൻഡാർഡിൽ 10ലും കുറയാതെ കുട്ടികൾ ആ ഭാഷ പഠിക്കാനുണ്ടായിരിക്കണം. അഞ്ചിലോ എട്ടിലോ അപ്രകാരം ഒരി ക്കൽ പഠനം ആരംഭിച്ചാൽ 5,6,7 എന്നീ സ്റ്റാൻഡാർഡുകളിൽ 30 ലും 8,9,10 എന്നീ സ്റ്റാൻഡാർഡുകളിൽ 25ൽ കുറയാതെയും കുട്ടികൾ ആ ഭാഷ പഠിക്കാൻ ഉണ്ടായിരുന്നാൽ ആ തസ്തിക തുടരാം. പൂർണയോ ഗ്യതയുള്ള അധ്യാപകർ ജോലിചെയ്യുന്ന തസ്തികകൾ നേരത്തെകൂട്ടി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ഈ ചട്ടങ്ങൾ അവയെ ബാധിക്കുകയി ല്ല. *(1.11.1982ലെ GO (P) No.155/82/G.Edn പ്രകാരം കൂട്ടിചേർത്തത്.)*

**XXIII.7.(1)**

ലാംഗ്വേജ് ടീച്ചർ അല്ലെങ്കിൽ ഹൈസ്കൂൾ അസിസ്റ്റന്റ്-ലാംഗ്വേജ് ടീച്ചർ അല്ലെങ്കിൽ സ്പെഷ്യൽ ടീച്ചർ, അല്ലെങ്കിൽ ക്രാഫ്റ്റ് ടീച്ചർ എന്നിങ്ങനെ ആഴ്ചയിൽ 15 പിരീയഡിൽ കുറവായ ജോലിക്കുവേണ്ടി സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ പാർട് ടൈം ആയിരിക്കും. എന്നാൽ ഹിന്ദി, അറബി,ഉറ്ദു, സംസ്കൃതം ഇവക്ക് 4 ലും മറ്റുള്ളവയ്ക് 5 ലും പിരീയഡ് കുറഞ്ഞിരു ന്നാൽ പാർട് ടൈം പോസ്റ്റ് അനുവദിക്കരുത്.

.....................................................................................................................

**എന്തുകൊണ്ട് സംസ്കൃതാധ്യാപകരെ ക്ലബ്ബ് ചെയ്യുവാൻ സാധ്യമല്ല?**

ഒരുഫുൾടൈം/പാർട് ടൈം തസ്തികക്ക് ആവശ്യമായ മിനിമം പിരീയഡുകൾ മാതൃവിദ്യാലയത്തിൽ ലഭ്യമല്ലാതെ വരുന്നസാഹചര്യത്തിലാണ് ക്ലബ്ബിങ്ങ് എന്ന സാങ്കേതികത പ്രയോഗിക്കുന്നത്. ഭാഷാവിഷയങ്ങൾ ഒഴികെ ഒന്നിലധികം അധ്യാപകരുള്ള ഇംഗ്ലീഷ്,സാമൂഹ്യശാസ്ത്രം മുതലായവിഷയങ്ങളിൽ ഇതു നടപ്പിലാക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നില്ല.എന്തുകൊണ്ടെന്നാൽ-

മാതൃവിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതുകൊണ്ട് ഏതെങ്കിലും ഒരുവിഷയത്തിൽ ഒരധ്യാപകനെ നിലനിർത്തുവാൻ ആവശ്യമായ പിരീയഡുകൾ ലഭിക്കാതെ വരുമ്പോൾ അതേ വിഷയത്തിൽ കുട്ടികളുടെ എണ്ണം കൂടുതലായിരിക്കുകയും എന്നാൽ ആവശ്യത്തിന് അധ്യാപകരില്ലാതെ വരികയും ചെയ്യുന്ന വിദ്യാലയങ്ങളിലേക്ക് പ്രസ്തുതഅധ്യാപകന്റെ സേവനം ലഭ്യമാക്കാവുന്നതാണ്.

സംസ്കൃതത്തെസംബന്ധിച്ച് പറയുമ്പോൾ നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്തെ ഭൂരിപക്ഷം സംസ്കൃതം തസ്തികകളും പാർട് ടൈം തസ്തികകളാണ്.എന്നാൽ അധ്യാപകർക്ക് ഫുൾടൈം ശംബളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. ആഴ്ചയിൽ 12 പിരീയഡ് ജോലിചെയ്യുന്നവനും 24 പിരീയഡുവരെ ജോലിചെയ്യുന്നവനും ശംബളത്തിൽ തുല്യരാകുന്നു.ഫുൾടൈം തസ്തികക്ക് പിരീയഡ് പതിനഞ്ചോ അതിൽകൂടുതലോ ഉണ്ടായിരിക്കണം.ഒരു സംസ്കൃതാധ്യാപകനും അങ്ങിനെ ഫുൾടൈം പണി ഇല്ലാതെ വരുമ്പോൾ അത്തരം അധ്യാപകനെ മറ്റൊരു വിദ്യാലയത്തിലും കൂടി പറഞ്ഞയച്ച് ആഴ്ചയിൽ മറ്റൊരു 12 പിരീയഡ് കൂടി ജോലിചെയ്യിക്കണം.

എന്നാൽ, സംസ്കൃതാധ്യാപകനെ മറ്റൊരുവിദ്യാലയത്തിലേക്ക് ക്ലബ്ചെയ്ത് അയക്കണമെങ്കിൽ ഏതുവിദ്യാലയത്തിലേക്കാണോ അയക്കുന്നത് ആ വിദ്യാലയത്തിൽ സംസ്കൃതം പഠിക്കുവാൻ വിദ്യാർഥികൾ ഉണ്ടായിരിക്കുകയും പഠിപ്പിക്കുവാൻ അധ്യാപകൻ ഇല്ലാതിരിക്കുകയും ചെയ്യുന്ന ഒരുസാഹചര്യം ഉണ്ടായിരിക്കണം.

വർത്തമാനകാലസാഹചര്യത്തിൽ ഇങ്ങനെ ഒരവസ്ഥ അപൂർവങ്ങളിൽ അപൂർവമായെ ഉണ്ടാവുകയുള്ളു.അസുഖം കൊണ്ടോ പ്രസവം മുതലായ കാരണങ്ങളാലോ സംസ്കൃതാധ്യാപകർ ദീർഘകാലാവധിയിൽ പ്രവേശിച്ചെങ്കിൽ മാത്രമേ മേല്പറഞ്ഞ സാഹചര്യം ഉണ്ടാവുകയുള്ളൂ.